# സെന്റ് തോമസ് ഇവാൻജലിക്കൽ ചർച്ച് ഓഫ് ഇൻഡ്യ

# സൺഡേസ്കൂൾ പ്രവർത്തന ബോർഡ്

## കേന്ദ്രീകൃത താലന്ത് പരിശോധന - 2025

സൺഡേസ്കൂൾ പ്രവർത്തന ബോർഡിന്റെ ചുമതലയിൽ നടത്തിവരുന്ന കേന്ദ്രീകൃത താലന്ത് പരിശോധന 2025 ജനുവരി 11-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 4 വരെ തിരുവല്ല സഭാ ആസ്ഥാനത്ത് വച്ച് നടക്കുന്നതാണ്. കേന്ദ്രീകൃത മത്സരത്തിൽ പങ്കെടുക്കുന്നവരെ സെന്റർ അടിസ്ഥാനത്തിൽ മത്സരം നടത്തി ഒന്നും, രണ്ടും സ്ഥാനക്കാരുടെ പേരുവിവരങ്ങൾ (ജനന തീയതി നിർബന്ധം ആണ്) 2024 ഡിസംബർ 18-നു മുൻപ് ബോർഡിൽ ലഭിക്കത്തക്കവിധം അയച്ചു തരേണ്ടതാണ്. ***അതിനുശേഷം വരുന്നവ സ്വീകരിക്കുന്നതല്ല.*** **ഒരു മത്സരത്തിന് ഒന്നിലധികം ഒന്നും രണ്ടും സ്ഥാനക്കാരെ ഒരു സെന്ററിൽ നിന്നും യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.** സെന്ററുകളിൽ മത്സരങ്ങൾ നടത്തുന്നതിനു സൺഡേസ്കൂൾ അദ്ധ്യാപക സംഘം, സെന്റർ ചുമതലക്കാർ, ഓർഗനൈസർമാർ ചേർന്ന് വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അതാത് സെന്ററിൽ നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്ക് മാത്രമേ കേന്ദ്രീകൃത താലന്ത് പരിശോധനയിൽ പങ്കെടുക്കുവാൻ പറ്റുകയുള്ളൂ. സെന്ററിൽ വെച്ച് നടത്തുന്ന മത്സര വിജയികൾക്ക് സെന്ററിൽ വെച്ച് സമ്മാനങ്ങൾ നൽകേണ്ടതാണ്.

| മത്സരവിഷയങ്ങൾ | ഗ്രൂപ്പ്/വയസ്സ് | വിശദീകരണം |
|---|---|---|
| 1. *വാക്യ മത്സരം* | എ. 4–7 | സങ്കീ. 116–129 **(5 മിനിറ്റ് ചൊല്ലൽ)** |
| | ബി. 8–10 | **സ്ഫുടമായും സ്പഷ്ടമായും തുടർച്ചയായും ചൊല്ലണം** |
| | സി. 11–13 | റോമർ 1–16 **(30 മിനിറ്റ്)** |
| | ഡി. 14–17 | **വേദഭാഗം ഉദ്ധരിച്ച് എഴുത്ത്** |
| 2. *പാട്ട്* | എ | 2024 കൺ. ഗീ.94‘എന്നെ നടത്തിടും എന്നെ പുലർത്തിടും’**(ആദ്യ8വരി)** |
| | ബി | 2024 കൺ. ഗീ. 14 ‘മരു യാത്രയിൽ ഈ പാരിടത്തിൽ’ **(ആദ്യ 8 വരി)** |
| | സി | 2024 കൺ. ഗീ. 4 ‘യേശുവിൻ മാർവിൽ’ **(ആദ്യ 12 വരി)** |
| | ഡി(പെൺകുട്ടി) | 2024 കൺ. ഗീ. 104 ‘എൻ പ്രിയ യേശുവേ’ **(ആദ്യ 8 വരി)** |
| | ഡി(ആൺകുട്ടി) | 2024 കൺ. ഗീ. 54 ‘നാഥാ നിൻ സന്നിധി’ (ആദ്യ 10 വരി) |

**(ഡി ഗ്രൂപ്പിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേർതിരിച്ചു വെവ്വേറെ പാട്ടുമത്സരം നടത്തുന്നതാണ്)**

3. ***ഗ്രൂപ്പ് സോങ്ങ്*** എ, ബി, സി, ഡി (ഒരുമിച്ച്) 2024 കൺ.ഗീ.44‘സ്നേഹത്തിൻ ദൂതുമായ് ’ **(ആദ്യ 14 വരി)**
   **(ഗ്രൂപ്പ് സോങ്ങിന് സെന്ററിലെ ഇടവകകളിൽ നിന്നും തെരഞ്ഞെടുക്കുന്നവരായിരിക്കണം, ഒരു സെന്ററിൽ നിന്നും ഒരു ടീം മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. കുറഞ്ഞത് 3 പേർ കൂടിയത് 7 പേർ)**

4. ***കഥാകഥനം:*** എ, ബി, സി ബൈബിൾ കഥ **(5 മിനിറ്റ്)** പാട്ട് അനുവദനീയമല്ല**(ഇംഗ്ലീഷ് or മലയാളം)**

5. *പ്രസംഗം* ഡി
   1. **‘ഉന്നതനായ ക്രിസ്തു.’** (എബ്രാ.1:3,4)
      ‘The Supremacy of Christ’ ( Hebrew 1:3,4)
   2. **‘യേശുക്രിസ്തു ശ്രേഷ്ഠമഹാപുരോഹിതൻ’** (എബ്രാ. 4:15,16)
      ‘Jesus Christ -The Great High Priest' (Hebrew 4:15,16)
   3. **‘വിജയം നൽകുന്ന ക്രിസ്തു’** (1കൊരി.15:57)
      ‘Christ who gives victory’ (1Cori. 15:57)

*മേൽപ്പറഞ്ഞ മൂന്ന് വിഷയങ്ങളിൽ നിന്നും ആവശ്യപ്പെടുന്ന ഒരു വിഷയത്തെ ആസ്പദമാക്കി 7 മിനിറ്റ് പ്രസംഗിക്കണം.*

| | | |
|---|---|---|
| 6. ***ബൈബിൾ ക്വിസ്*** | ബി | റോമർ 1–8 |
| | സി | വെളിപ്പാട് 6–13 |
| | ഡി | യെശയ്യാവ് 18–30 |

[P.T.O.]

## ഓരോ ഗ്രൂപ്പിലുള്ള വിദ്യാർത്ഥികളുടെ ജനനത്തീയതി

**എ ഗ്രൂപ്പ് (4-7)** 1-1-2017 നും 31-12-2020 നും മദ്ധ്യേ ജനിച്ചവർ

**ബി ഗ്രൂപ്പ് (8-10)** 1-1-2014 നും 31-12-2016 നും മദ്ധ്യേ ജനിച്ചവർ

**സി ഗ്രൂപ്പ് (11-13)** 1-1-2011 നും 31-12-2013 നും മദ്ധ്യേ ജനിച്ചവർ

**ഡി ഗ്രൂപ്പ് (14-17)** 1-1-2007 നും 31-12-2010 നും മദ്ധ്യേ ജനിച്ചവർ

**മത്സര വിജയികളുടെ പേരുകൾ അയയ്ക്കുമ്പോൾ ജനനത്തീയതി സെന്റർ അദ്ധ്യാപക സംഘം പ്രസിഡന്റ് & സെക്രട്ടറി എന്നിവർ നിർബന്ധമായും സാക്ഷ്യപ്പെടുത്തിയിരിക്കണം. ഇല്ലാത്തവ ചേർക്കുന്നതല്ല.**

### നിബന്ധനകൾ

1. വാക്യം, പ്രസംഗം, ക്വിസ് എന്നിവ മലയാളത്തിലോ ഇംഗ്ലീഷിലോ ആകാം. മലയാളം വേദപുസ്തകം ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യയുടേയും ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്നവർ 'ന്യൂ ഇന്റർ നാഷണൽ വേർഷൻ' (NIV) ബൈബിളും ഉപയോഗിക്കേണ്ടതാണ്.
2. എല്ലാ ഗ്രൂപ്പുകളിലും വാക്യമത്സരത്തിൽ പങ്കെടുക്കുന്നവർ ഒരു അദ്ധ്യായത്തിൽ നിന്നുള്ള വാക്യങ്ങൾ പരമാവധി ക്രമമായി പൂർത്തീകരിച്ചതിന് ശേഷമേ അടുത്ത അദ്ധ്യായത്തിലെ വാക്യങ്ങൾ പറയുവാൻ/ എഴുതുവാൻ പാടുള്ളു. (ഉദാ. സങ്കീ. 76 ലെ വാക്യങ്ങൾ ക്രമമായി പരമാവധി പൂർത്തീകരിച്ചുവേണം 77 ലെയോ 78 ലെയോ വാക്യങ്ങൾ ആരംഭിക്കുവാൻ. വാക്യങ്ങളും അദ്ധ്യായങ്ങളും ആരോഹണക്രമത്തിലായിരിക്കണം).
3. പാട്ടു മത്സരത്തിനുള്ള ഗാനങ്ങൾ 2024 കൺവൻഷൻ ഗീതങ്ങളിൽ നിന്നുമാണ് തിരഞ്ഞെടുത്തിരിക്കുന്നത്. പാട്ടുകളുടെ ഓഡിയോ ആവശ്യപെടുന്ന പക്ഷം whatsapp ലൂടെ സൺഡേ സ്കൂൾ ചുമതലക്കാർക്ക് സൺഡേസ്കൂൾ ഓഫീസിൽ നിന്നും അയച്ചുനൽകുന്നതാണ്.
4. പാട്ടുമത്സരത്തിന് പുസ്തകം നോക്കി പാടുവാൻ പാടില്ല.
5. പ്രസംഗ മത്സരത്തിന് മൈക്ക് അനുവദിക്കുന്നതാണ്.
6. എ, ബി ഗ്രൂപ്പുകളുടെ വാക്യം ചൊല്ലൽ മത്സരത്തിൽ സ്ഫുടതയും സ്പഷ്ടതയും ഇല്ലായെങ്കിൽ 1, 2, 3 സ്ഥാനത്ത് എത്തുന്നവരെ വീണ്ടും സാവധാനം ചൊല്ലിച്ച് മുഴുവൻ വാക്യങ്ങളും ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്.
7. സെന്റർ അടിസ്ഥാനത്തിൽ നടന്ന മത്സരത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ഏതെങ്കിലും മത്സരാർത്ഥിക്ക് തിരുവല്ലയിൽ നടക്കുന്ന മത്സരത്തിന് സംബന്ധിക്കുവാൻ സാധിക്കാത്ത മതിയായ കാരണങ്ങൾ ഉണ്ടെങ്കിൽ മൂന്നാം സ്ഥാനക്കാരനെ/സ്ഥാനക്കാരിയെ സെന്ററിന്റെ ആവശ്യപ്രകാരം മത്സരിപ്പിക്കാവുന്നതാണ്. പ്രസ്തുത വിവരം കുറഞ്ഞത് മൂന്ന് ദിവസത്തിന് മുമ്പ് രേഖാമൂലം ഓഫീസിൽ അറിയിക്കേണ്ടതാണ്.
8. സെന്ററിൽ മത്സരത്തിൽ പങ്കെടുത്ത് ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ കുട്ടികളിൽ ആരെങ്കിലും തിരുവല്ലയിൽ നടക്കുന്ന മത്സരത്തിൽ പങ്കെടുക്കുന്നില്ലെങ്കിൽ പ്രസ്തുത വിവരം അദ്ധ്യാപകസംഘം ചുമതലക്കാർ ബോർഡിൽ അറിയിച്ചിരിക്കേണ്ടതാണ്.
9. 28/7/2023 ൽ കൂടിയ സണ്ടേസ്കൂൾ പ്രവർത്തന ബോർഡിന്റെ തീരുമാനപ്രകാരം **ഡി** ഗ്രൂപ്പിന്റെ നിലവിലെ പ്രായപരിധി 14 വയസ്സു മുതൽ 18 വയസ്സുവരെ എന്നത് മാറ്റി 14 വയസ്സു മുതൽ 17 വയസ്സു വരെ എന്നായിരിക്കും.
10. **എ** ഗ്രൂപ്പിനും വ്യക്തിഗത ചാമ്പ്യൻ ഉണ്ടായിരിക്കുന്നതാണ്

**നിബന്ധനകൾ;**

1. മൂന്ന് മത്സരങ്ങളിലും പങ്കെടുത്തിരിക്കണം
2. മൂന്ന് മത്സരത്തിലും ഫസ്റ്റോ അല്ലെങ്കിൽ കുറഞ്ഞത് രണ്ട് ഫസ്റ്റും ഒരു സെക്കന്റും ലഭിച്ചിരിക്കണം.

കർത്തൃശുശ്രൂഷയിൽ

ST. THOMAS EVANGELICAL CHURCH OF INDIA
BOARD FOR SUNDAY SCHOOL WORK
MANJADI, THIRUVALLA-5

തിരുവല്ല
08-07-2024

**റവ. സജി എബ്രഹാം**
ബോർഡ് സെക്രട്ടറി

NB. നോട്ടീസ് ഇടവകയിൽ വായിച്ചതിന് ശേഷം സൺഡേ സ്കൂൾ ഹെഡ്മാസ്റ്ററെ ഏൽപ്പിക്കേണ്ടതാണ്.